**ചരമോപചാരം**

<u>പള്ളിപ്രം ബാലൻ</u>

മുൻ നിയമസഭാ സാമാജികൻ പള്ളിപ്രം ബാലൻ 2017 ഏപ്രിൽ 29-ന് അന്തരിച്ചു.

കരത്തുട്ടിയുടേയും പഞ്ചുവിന്റേയും മകനായി 1939 ഒക്ടോബർ 10-ന് പള്ളിപ്രം ബാലൻ ജനിച്ചു.

ബാലസംഘത്തിന്റെ യൂണിറ്റ് സെക്രട്ടറിയായി സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ സംഘടനാ പ്രവർത്തനം ആരംഭിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ മുഴുവൻ സമയ പ്രവർത്തകനായി. എ.ഐ.വൈ.എഫ് കണ്ണൂർ താലൂക്ക് സെക്രട്ടറി, ജില്ലാ ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചു. സി.പി.ഐ-യുടെ കണ്ണൂർ ജില്ലാ കമ്മിറ്റി അംഗം, ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി, കണ്ണൂർ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം സി.പി.ഐ. കേരള സ്റ്റേറ്റ് കൗൺസിൽ, നാഷണൽ കൗൺസിൽ എന്നിവയിൽ അംഗമായും പ്രവർത്തിച്ചു.

പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായും കണ്ണൂർ

ജില്ലാ പഞ്ചായത്ത് (ധനകാര്യ ആരോഗ്യ) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

2006 മുതൽ 2011 വരെ പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ ഹോസ്ദുർഗ്ഗ് മണ്ഡലത്തെ പ്രതിനിധാനം ചെയ്തു. ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ അദ്ദേഹം നേതൃത്വം നൽകി.

സൗമ്യമായ പെരുമാറ്റത്തിലൂടെയും ലാളിത്യമാർന്ന ജീവിതത്തിലൂടെയും ജനമനസ്സുകളിൽ ഇടം നേടിയ കർമ്മനിരതനായ ഒരു മനുഷ്യ സ്നേഹിയേയും മികച്ച ഒരു പൊതുപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>അനിൽ മാധവ് ദവേ</u>

കേന്ദ്ര വനം പരിസ്ഥിതി സഹമന്ത്രി അനിൽ മാധവ് ദവേ 2017 മേയ് 18-ാം തീയതി അന്തരിച്ചു.

1956 ജൂലൈ 6-ന് മദ്ധ്യ പ്രദേശിലെ ഉജ്ജയിനി ജില്ലയിൽ ബർ നാഗറിൽ അനിൽ മാധവ് ദവേ ജനിച്ചു. ഇൻഡോറിലെ ഗുജറാത്തി കോളേജിൽ എം.കോം ബിരുദ വിദ്യാർത്ഥിയായിരിക്കെ കോളേജ് യൂണിയൻ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു. ജെ.പി. മൂവ്മെന്റിലൂടെ രാഷ്ട്രീയ രംഗത്ത് എത്തിയ അദ്ദേഹം

തുടർന്ന് ബി.ജെ.പി പ്രവർത്തകനായി.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രത്യേക താല്പര്യം ചെലുത്തിയിരുന്ന അദ്ദേഹം നർമ്മദ നദീ സംരക്ഷണത്തിനായി ' നർമ്മദ സമഗ്ര' എന്ന കൂട്ടായ്മയ്ക്ക് രൂപം നൽകി. നർമ്മദ നദിയെ സംരക്ഷിക്കുന്നതിനായി പല പദ്ധതികൾക്ക് ഇതിലൂടെ ജൻമം നൽകി. കൂടാതെ ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷി ചെയ്യുന്നതിനെതിരെയും വൻകിട അണക്കെട്ടുകളുടെ നിർമ്മാണത്തിനെതിരെയും അദ്ദേഹം ശക്തമായ നിലപാടുകളെടുക്കുകയും പാരമ്പര്യ കൃഷി രീതികൾ പിൻതുടരാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

2009 മുതൽ മദ്ധ്യ പ്രദേശിൽ നിന്നുള്ള രാജ്യസഭാംഗമായ അദ്ദേഹം ജലവിഭവ സമിതി, വാർത്താവിനിമയ സമിതി എന്നിവയിലെ അംഗമായും പ്രവർത്തിച്ചു. കൂടാതെ പാർലമെന്ററി ഫോറം ഓൺ ഗ്ലോബൽ വാമിംഗ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ചിലും അംഗമായിരുന്നു.

2016 ജൂലൈ 5 മുതൽ പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാനം വകുപ്പുകളുടെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയായി പ്രവർത്തിച്ചു വരികയായിരുന്നു.

അനിൽ മാധവ് ദവേയുടെ നിര്യാണത്തോടെ പരിസ്ഥിതി സംരക്ഷണ

പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത ചെലുത്തിയിരുന്ന നർമ്മദയുടെ എക്കാലത്തേയും സംരക്ഷകനായിരുന്ന മികച്ച ഒരു വ്യക്തിത്വത്തെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൌനം ആചരിച്ചു))

(അടിയന്തരപ്രമേയം)